പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2407

18/2/2016 -ൽ മറുപടിയ്ക്കു്

**ദേവസ്വം ബോർഡ് സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികഗോത്രവർഗക്കാർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി. സത്യൻ | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്ക് നാമമാത്ര പ്രാതിനിധ്യം മാത്രമേ ഉള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ഉണ്ട്. |
| ബി) | കൂടൽമാണിക്യം ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര, ഭരണ നിർവ്വഹണ ജീവനക്കാരിൽ ഒരാൾ പോലും ഈ വിഭാഗത്തിൽ നിന്നുള്ളവരില്ലെന്നതും, ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ ക്ഷേത്ര ജീവനക്കാരിൽ ആനക്കാർ, വാച്ച്മാൻ എന്നീ തസ്തികകളിൽ മാത്രവും കൊച്ചിൻ ദേവസ്വത്തിനു കീഴിലെ ക്ഷേത്ര ജീവനക്കാരിൽ അടിച്ചുതളി, കൗണ്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ മാത്രവും പട്ടികജാതി പട്ടിക ഗോത്രവിഭാഗത്തിൽപ്പെട്ടവരെ നിയമിച്ചിട്ടുള്ളുവെന്നതും, മലബാർ, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾക്ക് കീഴിലും സമാന സ്ഥിതിയാണെന്നതു കണക്കിലെടുത്തും അടിയന്തര തിരുത്തൽ നടപടിക്ക് തയ്യാറാകുമോ; | ബി) | ദേവസ്വങ്ങളും ദേവസ്വം ബോർഡുകളും സ്വന്തമായി നിയമന പ്രക്രിയ നടത്തിവന്നപ്പോൾ ചില ആരോപണങ്ങൾ ഉയർന്നുവരികയും ആയത് അന്വേഷിക്കാൻ ബഹു. ഹൈക്കോടതി ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനെ നിയോഗിക്കുകയുമുണ്ടായി. കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനത്തിന് ഒരു ഏകീകൃത റിക്രൂട്ട്മെന്റ് രൂപീകരിക്കണമെന്നും ശുപാർശ ചെയ്യുകയുണ്ടായി. ഈ റിപ്പോർട്ട് ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഇതിനെ തുടർന്നാണ് തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളിലേയും ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലേയും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പാരമ്പര്യ തസ്തികകളിലേയും ഒഴിവുകൾ ഒഴിച്ച് മറ്റ് തസ്തികകളിലേക്ക് അർഹരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് സ്ഥാപിതമായത്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനം നടപ്പിൽ വരുത്തുന്നതോടെ നിലവിലെ സ്ഥിതിക്കു പരിഹാരമാകുന്നതാണ്. എന്നാൽ മലബാർ ദേവസ്വം ബോർഡിനു |

കീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനാവകാശം അതാതു ക്ഷേത്രം ട്രസ്റ്റിമാരിൽ നിക്ഷിപ്തമാകയാൽ ട്രസ്റ്റിമാരുടെ അധികാരത്തിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അധികാരമില്ലായെന്ന് ബഹു. കേരള ഹൈക്കോടതി 8/7/2015 -ന് WP(C) 19644/15 നമ്പർ കേസിൽ ഉത്തരവായിട്ടുണ്ട്.

സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡു മുഖേന നിയമനം നടത്തുന്ന തസ്തികകളിലേക്ക് പട്ടികജാതി/ പട്ടിക ഗോത്രവർഗ്ഗക്കാർക്കയി പ്രത്യേക റിക്രൂട്ട്മെന്റ് നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

സി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമന നടപടികൾ ആരംഭിച്ചതിനുശേഷം സംവരണത്തിലുണ്ടായിട്ടുള്ള യഥാർത്ഥ കുറവുകൾ കണ്ടെത്തിയതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഡി) ക്ഷേത്ര നിയമനങ്ങളിലും ദേവസ്വം ബോർഡിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിലും പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർ ഒഴിവാക്കപ്പെട്ടിരിക്കുന്നത് അടിയന്തരമായി പരിഹരിക്കാൻ എന്ത് നടപടിയാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഈ തസ്തികകളിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഡി) എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാതു മാനേജ്മെന്റുകൾക്കു നടത്താമെന്ന നിലവിലെ വ്യവസ്ഥ പ്രകാരം ദേവസ്വം ബോർഡുകൾക്കു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഇടപെടുന്നതിനുള്ള സാഹചര്യം പരിമിതമാണ്. എന്നാൽ ഗുരുവായൂർ ദേവസ്വത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ 10% ഒഴിവുകൾ പട്ടികജാതി പട്ടികഗോത്ര വർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി നീക്കി വച്ചിട്ടുള്ളതായും ആയതിനാൽ ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർ ഒഴിവാക്കപ്പെടുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ